## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ: T 1656

14.08.2017 -ലെ
മറുപടിക്ക്

### ഹരിതകേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>" വി.പി. സജീന്ദ്രൻ<br>" ഷാഫി പറമ്പിൽ<br>" റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |
| (എ) ഹരിതകേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കേരളം അഭിമുഖീകരിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ വികസനവെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പരിപാടിയായ നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. 2016 നവംബർ 10 നാണ് ഈ മിഷനുകൾക്ക് തുടക്കം കുറിച്ചത്. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2016 ഡിസംബർ 8 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) ഹരിതകേരളം മിഷന്റെ പൊതുവായ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1.ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുന:സ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളേയും സമൂഹ ത്തേയും പ്രാപ്തരാക്കുക.<br><br>2 പാരിസ്ഥിതികസുരക്ഷയും ഉൽപ്പാദനക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിതപദ്ധതി രൂപീകരിക്കുന്നതിന് പ്രേരകശക്തിയായി പ്രവർത്തിക്കുക.<br><br>3.ശുചിത്വ-മാലിന്യ സംസ്കരണമേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക. ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ് ക്കരണം ഉറപ്പാക്കുക.<br>4. മഴവെള്ള സംഭരണം വ്യാപകമാക്കുക. |

ഭൂഗർഭജലസംപോഷണം ഉറപ്പാക്കുക.

5.ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യമരങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക.

(സി) മാലിന്യസംസ് ക്കരണത്തിനായി ഈ പദ്ധതിക്ക് നൽകിയിരിക്കുന്ന പ്രാധാന്യം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഹരിതകേരളം മിഷന്റെ ഉപദൗത്യമാണ് ശുചിത്വ മാലിന്യസംസ്കരണം. ചുവടെ ചേർത്ത ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തനങ്ങളാണ് ഈ ഉപദൗത്യത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

1. പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്ത മാലിന്യ പരിപാലനരീതികൾ അവലംബി ക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യപരിപാലന സംസ് കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യ പരിപാലനപ്രശ്നങ്ങൾ കണ്ടെത്തു ന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണസ്ഥാപന ങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിവരിക്കുമോ?

(ഡി) 1. മുഖ്യമന്ത്രി അദ്ധ്യക്ഷനും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി ഹരിതകേരളം മിഷന്റെ സംസ്ഥാന മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

2. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനും ജില്ലാകലക്ടർ മിഷൻ സെക്രട്ടറി & ചീഫ് കോ-ഓർഡിനേറ്ററായി ജില്ലാ മിഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

3. മുൻസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ അദ്ധ്യക്ഷനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല മിഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി ബ്ലോക്ക് മിഷൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി

ഗ്രാമപഞ്ചായത്ത് തല മിഷൻ എന്നിവ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

4. ഹരിതകേരളം മിഷനു കീഴിലുള്ള ശുചിത്വ മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, കൃഷിവികസനം എന്നീ മൂന്ന് ഉപദൗത്യങ്ങൾക്കും പ്രത്യേകം കർമ്മസേനകൾ രൂപീകരിച്ചു. ജില്ലാതലത്തിൽ ഈ മൂന്ന് ഉപ ദൗത്യങ്ങൾക്കുമായി ജില്ലാതല കർമ്മസേനയും നിലവിൽ വന്നു. വാർഷിക പദ്ധതി ആസൂത്രണത്തിനുവേണ്ടി ഗ്രാമ ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ള മേഖലാവർക്കിങ്ങ്ഗ്രൂപ്പ് , ശുചിത്വമേഖലാ വർക്കിംഗ് ഗ്രൂപ്പ് എന്നിവ സംയുക്തമായി ഹരിതകേരളം മിഷന്റെ വർക്കിംഗ് ഗ്രൂപ്പായി പ്രവർത്തിച്ചുവരുന്നു.

5. 19.04.2017 ലെ സ.ഉ(പി) നം.10/2017/ആ.സാ.വ പ്രകാരം വികസനമിഷനുകളുടെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചു. 15.07.2017 ലെസ.ഉ(സാധാ) നം.2420/2017 തസ്വഭവ പ്രകാരം ശുചിത്വ-മാലിന്യസംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു. മണ്ണ്-ജലസംരക്ഷണ ഉപമിഷൻ നിർവഹണമാർഗ്ഗരേഖയുടെ കരട് തയ്യാറാക്കി.

6. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പേരിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള കാമ്പയിൻ പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു.

7. തുടർന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ ഊർജ്ജിത മാലിന്യസംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കും. ഇതിനായി സംസ്ഥാന-ജില്ലാ-ബ്ലോക്ക്/നഗരസഭാ തല പരിശീലനങ്ങൾ നടന്നുവരുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അംഗീകാരം വാങ്ങിയ ശുചിത്വമാലിന്യസംസ്കരണ പദ്ധതികൾക്ക് ആവശ്യമെങ്കിൽ സപ്തംബർ 15 നകം ഭേദഗതികൾ വരുത്തുന്നതാണ്. നവംബർ 1ന് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പദ്ധതി നിർവഹണം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ